പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.1837 | 14/08/2017 ൽ മറുപടിക്ക് |

**മാരക രാസവസ്തുക്കൾ കലർത്തിയ ജ്യൂസ് വിതരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന മാരക രാസവസ്തുക്കൾ കലർത്തിയ ഐസ്ക്രീം പൗഡർ ചേർത്ത വിവിധ തരം ജ്യൂസുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ വ്യാപകമായി ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധനയിൽ ഇപ്രകാരം മാരക വസ്തുക്കൾ കലർത്തിയ ജ്യൂസ് ഉല്പാദനവും വിതരണവും കണ്ടെത്തിയിട്ടില്ല. |
| ബി) | പ്രസ്തുത ജ്യൂസ് ഉല്പാദനം നടത്തുന്നതിന് ഏതെല്ലാം കേന്ദ്ര-സംസ്ഥാന ഏജൻസി കളുടെ അനുമതി ആവശ്യമാണെന്നും മാനദണ്ഡം എന്താണെന്നും സംബന്ധിച്ച വിശദ വിവരം നൽകുമോ; | ബി) | ജ്യൂസ് തുടങ്ങിയ പാനീയങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും ഉല്പാദനം നടത്തുന്നതിന് ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ ആവശ്യ മാണ്. കൂടാതെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. |
| സി) | പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങളിൽ രാസ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | സി) | രാസപരിശോധനകൾ നടത്തുന്നതിനു വേണ്ടി ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. |
| ഡി) | എങ്കിൽ സർക്കാർ ലാബിൽ പരിശോധിക്കുന്നതിന് മാത്രം ഗുണമേന്മയുള്ള സാമ്പിളുകൾ നൽകുന്ന തായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പി ക്കുന്നതിനായി ഭക്ഷ്യ വകുപ്പിന്റെ സഹകരണ ത്തോടെ കൂടി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ